II ഇ.ബി. XII- കേരള നിയമസഭ/X-6

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2009 ഫെബ്രുവരി 26, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15 (*151) വാർഷിക പദ്ധതികൾക്ക് ധനകാര്യവകുപ്പിന്റെ അനുമതി പത്രം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, മൂന്നു കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികളുടെ ഭരണാനുമതിക്ക് നിലവിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സ്പഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ആവശ്യമാണെന്ന് സഭയെ അറിയിച്ചു. എന്നാൽ മൂന്നു കോടി രൂപ വരെ അടങ്കലുള്ള പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നതിനും മുൻകാലങ്ങളിൽ പുറപ്പെടുവിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന തുടർ പദ്ധതികൾക്ക് നീക്കി വച്ചിട്ടുള്ള വിഹിതം ചെലവഴിക്കുന്നതിനും ധനകാര്യവകുപ്പിന്റെ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതിയുടെ ഓരോ ക്വാർട്ടറിലെയും ചെലവ് നടത്തുന്നതിന് പ്രത്യേക അനുമതി പത്രം ആവശ്യമില്ല. ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

ലളിതവൽക്കരിച്ചിട്ടുള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടാകില്ല. പ്രോജക്ടുകൾ തയ്യാറാക്കിക്കഴിഞ്ഞാൽ വ്യക്തമായ നിബന്ധനകളും നിർദ്ദേശങ്ങളും അനുസരിച്ച് സമയബന്ധിതമായി അവ നടപ്പാക്കാനുള്ള സംവിധാനം ധനകാര്യവകുപ്പിലുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി അറിയിച്ചു.

16 (*152) <u>13-ാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക സ്ഥിതിയും അവസ്ഥാവിശേഷങ്ങളും കണക്കിലെടുത്തുകൊണ്ട് ധനകാര്യ കമ്മീഷൻ മുഖേന ഭരണഘടനാപരമായി ലഭ്യമാകുന്ന സാമ്പത്തിക സഹായം പരമാവധി നേടിയെടുക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്തെ രാഷ്ട്രീയകക്ഷികളുമായി ആലോചിച്ച് 13-ാം ധനകാര്യ കമ്മീഷന് നൽകാനായി നിവേദനം തയ്യാറാക്കിയതെന്ന് സഭയെ അറിയിച്ചു. നിവേദനത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

കേന്ദ്ര നികുതിയുടെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 30.5 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുക, കൂടാതെ ജനസംഖ്യ (1971 കനേഷുമാരി)- 70- ശതമാനം, വരുമാന അന്തരം അഥവാ പിന്നോക്കാവസ്ഥ (1971-ലെ ജനസംഖ്യക്കനുസരിച്ച്)-10 ശതമാനം, ഭൂവിസ്തൃതി (ക്രമപ്പെടുത്തിയത്)-5 ശതമാനം, നികുതി കാര്യക്ഷമത (Tax effort)- 10 ശതമാനം, ഫിസ്ക്കൽ പെർഫോമൻസ് (Fiscal performance) -5 ശതമാനം, എന്നീ മാനദണ്ഡങ്ങളുടെയും വെയിറ്റേജുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കുക;

പദ്ധതിയേതര റവന്യു കമ്മി ഗ്രാന്റും പദ്ധതി റവന്യു കമ്മി ഗ്രാന്റും അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകുക;

ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ്-ഇൻ-എയ്ഡായി 32809.39 കോടി രൂപ വിവിധ വകുപ്പുകളുടെ പ്രത്യേക പ്രശ്നങ്ങൾ, സംരക്ഷണം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവയ്ക്കായി നൽകുക;

ധനകാര്യ കമ്മിഷൻ വഴിയുള്ള വിഭവ വിഭജനം കേന്ദ്ര വരുമാനത്തിന്റെ വിഹിതം ലഭിക്കാനുള്ള സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ ഒരു അവകാശത്തിന്റെ പ്രതിഫലനമാകയാൽ ഇതിന് കേന്ദ്ര മന്ത്രാലയങ്ങളുടെ കർശന നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുക;

സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറച്ചുകൊണ്ടു വരുകയോ സംസ്ഥാന പദ്ധതിയിലേയ്ക്ക് കൈമാറുകയോ ചെയ്യുക; കൂടാതെ ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള സാധാരണ കേന്ദ്ര സഹായത്തിന് (NCA) ചരടുകളൊന്നുമില്ലാത്തതിനാലും അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം വിവേചനപരവും നിബന്ധനകൾക്ക് വിധേയവുമാണെന്നതിനാലും സാധാരണ കേന്ദ്ര സഹായം വർദ്ധിപ്പിച്ച് അത് പൂർണ്ണമായും ഗാഡ്ഗിൽ ഫോർമുല പ്രകാരം മാത്രം നൽകുക;

പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പിന്റെ സംസ്ഥാനങ്ങളുടെ വിഹിതമായ ഏകദേശം 20 ശതമാനം എന്നത് 2010-11-ൽ 33.33 ശതമാനമായും 2014-15-ഓടെ 50 ശതമാനമായും ഉയർത്തുകയും സാധാരണ കേന്ദ്ര സഹായത്തിന്റെ (NCA) ഗ്രാന്റ് ഭാഗം 30 ശതമാനത്തിൽ നിന്നും

50 ശതമാനമായി വർദ്ധിപ്പിക്കുകയും  എല്ലാ മുൻകാല കേന്ദ്ര വായ്പ കളും അതിന്റെ പലിശയും എഴുതിത്തള്ളുകയും ചെയ്യുക;

സംസ്ഥാനങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ ചെലവ് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GDP) 1.5 ശതമാനത്തിൽ നിന്ന് 5 ശതമാനമായി ഉയർത്തുകയും ഇതിന്റെ അധിക തുകയുടെ പകുതി എല്ലാ സംസ്ഥാനങ്ങളിലെയും തദ്ദേശസ്വയംഭരണ സർക്കാരുകൾ ശക്തിപ്പെടു ത്തുന്നതിന് വേണ്ടി സംസ്ഥാന സർക്കാരുകൾക്ക് അനുച്ഛേദം 275 പ്രകാര മുള്ള ഗ്രാന്റായി നൽകുകയും ചെയ്യുക;

കടലാക്രമണം, ഇടിമിന്നൽ, വെള്ളക്കെട്ട് എന്നിവ പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുക;

ദുരിതാശ്വാസ നിധിയുടെ കോർപ്പസ് (corpus) ബന്ധപ്പെട്ട സംസ്ഥാനങ്ങ ളുടെ വാർഷിക പദ്ധതിയുടെ 10 ശതമാനമായി ഉയർത്തുകയും ഇതിന്റെ കേന്ദ്രവിഹിതം 75 ശതമാനത്തിൽനിന്നും 90 ശതമാനമായി ഉയർത്തുകയും ചെയ്യുക;

എൻ.സി.സി.എഫ്. (NCCF)-ന്റെ കോർപ്പസ് നിലവിലുള്ള 500 കോടി യിൽനിന്ന് 1000 കോടിയായി ഉയർത്തുക.

നിവേദനത്തിന്റെ പൂർണ്ണരൂപം ധനകാര്യവകുപ്പിൽ ലഭ്യമാണ്.

കേരളത്തിന്റെ പ്രത്യേകമായ സ്ഥിതിഗതികളും ജനസംഖ്യാനുപാതവും പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടങ്ങളും നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി സഭയെ അറിയിച്ചു. ഫിസ്കൽ സ്റ്റെബിലൈസേഷനായി സംസ്ഥാനത്തിന്റെ റൂൾ ഉണ്ടാകുമെന്നും

യാന്ത്രികമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്മി കുറയ്ക്കാൻ തയ്യാറല്ലെന്നും സംസ്ഥാനങ്ങളുടെ മേൽ ഇത്തരം മാനദണ്ഡങ്ങൾ അടിച്ചേൽപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും ധനകാര്യ കമ്മീഷനെ അറിയിച്ചതായി ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കി.

17(*153) <u>വന സംരക്ഷണത്തിനായി പദ്ധതികൾ</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, വനമേഖലകളുടെ സംരക്ഷണത്തിനും ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസഹായത്തിനായി വിവിധ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിൽ വന്യജീവി വിഭാഗത്തിൽ വയനാട് ജില്ലയിലെ പരമ്പരാഗത ആനത്താരകൾ പുന:സ്ഥാപിക്കുന്നതിന് സ്വകാര്യഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 7.89 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയും ജൈവവൈവിദ്ധ്യ സംരക്ഷണ ഗ്രാമീണ ജീവനോപാധി സംവർദ്ധന പദ്ധതിയും (Biodiversity Conservation and Livelihood Improvement Project) കേരളത്തിലെ 20 സംരക്ഷിത മേഖലകളുടെ വികസനത്തിനായി 50% കേന്ദ്രസഹായത്തോടെ ആവിഷ്ക്ക രിച്ചു നടപ്പിലാക്കുന്ന പദ്ധതികളും കടുവാ സംരക്ഷണ പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന പെരിയാർ കടുവാ സംരക്ഷണ പദ്ധതിയും (Project Tiger) ആന സംരക്ഷണ പദ്ധതിയുടെ ഭാഗമായി (Project Elephant) നടപ്പിലാ ക്കുന്ന സംസ്ഥാനതല പദ്ധതിയും നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതിയും അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതിയും കേരള

കടൽത്തീരത്തെ കടലാമകളെയും വംശനാശം നേരിടുന്ന മറ്റു കടൽ ജീവി കളെയും സംരക്ഷിക്കുന്നതിനുള്ള 6.65 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയും വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സ്വമേധയായുള്ള പുനരധിവാസം സംബന്ധിച്ച 85 കോടി രൂപയുടെ അടങ്കൽ തുകയുള്ള പദ്ധതിയുമാണ് സമർപ്പിച്ചിട്ടുള്ളത്. വന്യജീവി ആവാസ വ്യവസ്ഥകളുടെ സമഗ്ര വികസന പദ്ധതി (Integrated Development of Wildlife Habitats) യിൽ, കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം, കേരളത്തിലെ കോൾനിലങ്ങളുടെ പരിപാലനം, മാങ്കുളം വനം ഡിവിഷനിലെ ജൈവവൈവിധ്യ സംരക്ഷണം, ഗുഡ്രിക്കൽ വനപ്രദേശത്തിന്റെ സംരക്ഷണം, കാവുകളുടെയും വനത്തിനുപുറത്തുള്ള ജൈവ സമ്പന്ന ആവാസങ്ങളുടെയും സംരക്ഷണം, കക്കയം വനമേഖല യുടെ സംരക്ഷണം എന്നീ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ കണ്ടൽക്കാടുകളുടെ സംരക്ഷണ-പരിപാലന പദ്ധതി, കാവുകളുടെ സംരക്ഷണം, വനേതര മേഖലകളിലെ വനവൽക്കരണ പദ്ധതി (ഗ്രാമ വനയോജന)യുമാണ് സമർപ്പിച്ചിട്ടുള്ളത്. വികസനവിഭാഗത്തിൽ വനസംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രോട്ടക്ഷൻ പദ്ധതിയും ഔഷധഗുണമുള്ള വൃക്ഷയിനങ്ങൾ നട്ടുവളർത്തു ന്നതിനുള്ള പദ്ധതിയും ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കിൻതോട്ടങ്ങളിൽ ഇടവിളയായി വച്ചുപിടിപ്പിക്കുന്ന പദ്ധതിയുമാണ് സമർപ്പിച്ചിട്ടുള്ളത്. ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫയർ വിഭാഗത്തിൽ ദേശീയ വനവൽക്കരണ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ 14 ഇനങ്ങൾക്ക് അംഗീകാരം ലഭിക്കുകയും ബാക്കി പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ

പരിഗണനയിലുമാണ്. നാഷണൽ ബാംബൂ മിഷനിൽനിന്ന് കേരള സ്റ്റേറ്റ് ബാംബൂ മിഷൻവഴി മുളകൃഷി വികസനത്തിനായി ധനസഹായം ലഭിക്കുന്നുണ്ട്. ആദിവാസികൾക്കുകൂടി പ്രയോജനകരമാകുന്ന വേലുപാടം-വെട്ടിങ്ങപാടം റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. കുടിയാൻമല-പള്ളിക്കുന്ന്-കുടിയാറ്റുവളപ്പ്, പക്കം-കുറുവ-പണിക്കൽ, ഉദയക്കര-ചേകടി, സ്പാൽ-എലിവാൽ, മുക്കാലി-കരുവാര, പെരിയചോല-തേക്കടി, അച്ചൻകോവിൽ-ചിറ്റാർ, മണിയാർ-കട്ടച്ചിറ-തണ്ണിത്തോട് എന്നീ റോഡുകളുടെ പ്രവർത്തനങ്ങൾ നബാർഡ് അനുവദിച്ച വായ്പതുക വിനിയോഗിച്ച് നടത്തി വരികയാണ്. ഇടമലക്കുടിയിലെ റോഡിന്റെ സാധ്യതാപഠനം റവന്യൂ, വനം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം എന്നീ വകുപ്പുമന്ത്രിമാർ ഉൾപ്പെടുന്ന കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുകയാണ്. വയനാട് വൈൽഡ് ലൈഫ് സാംഗ്ച്വറിയുടെ ഭാഗമായി 593 പട്ടികജാതി കുടുംബങ്ങളേയും 36 നോൺ ട്രൈബുകളേയും പുനരധിവസിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. മൂന്നാർ നീലക്കുറിഞ്ഞി സാംഗ്ച്വറി സംരക്ഷണത്തിനായി 8,000-ത്തിൽപ്പരം ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. സ്ഥലം എം.എൽ.എ-മാർ, ത്രിതലപഞ്ചായത്ത് ഭാരവാഹികൾ, കർഷക പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിച്ച് സ്ഥലമെടുപ്പിനുള്ള അന്തിമ നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്ത്, വി.എസ്.എസ് (വനസരക്ഷണ സമിതി), ഇ.ഡി.സി( ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി) എന്നിവരുമായി സഹകരിച്ച് എൻ.ആർ.ഇ.ജി. പദ്ധതി വനമേഖലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പറമ്പിക്കുളം ഷോളയാർ കടുവാ സങ്കേതം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വമേധയാ

ഒഴിഞ്ഞുപോകുന്ന ആദിവാസി കുടുംബങ്ങളെയല്ലാതെ ആരേയും കുടിയിറക്കുന്നതല്ല. കാട്ടുതീ പ്രതിരോധ നടപടികൾക്കായി ജാഗ്രതാപക്ഷം എന്ന ഒരു പദ്ധതി 3-3-2009-ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്. കാട്ടുതീ പ്രതിരോധ നടപടികളിൽ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. കടുത്ത വരൾച്ചാ മാസങ്ങളിൽ വൈൽഡ് ലൈഫ് സാംഗ്ചറികളിൽ ടൂറിസ്റ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുന്നതാണ്. സെൻസിറ്റീവ് മേഖലയിൽ റിസോർട്ടുകൾ പണിയുന്നത് തടയാൻ ജില്ലാകളക്ടർക്കും വനംവകുപ്പ് ഉദ്യോഗസ്ഥർക്കും വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആദിവാസികളിൽ നിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ഫോറസ്റ്റ് ഗാർഡുമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഫോറസ്റ്റ് വാച്ചർമാരുടെ വേതനത്തിൽ 30 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഹരിതതീരം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 171 ഹെക്ടർ സ്ഥലത്ത് മരങ്ങൾ വച്ചു പിടിപ്പിച്ച് അവയുടെ സംരക്ഷണം ഉറപ്പാക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

18(*154) <u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 7.10 കോടി രൂപ മുതൽമുടക്കി ഇടയാറിൽ ഒരു ആധുനിക അറവുശാലയും മാംസോൽപ്പാദക വിപണന കേന്ദ്രവും ആരംഭിക്കുന്നതിനുളള പദ്ധതി കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രതിമാസം

എം.പി.ഐ.-ക്ക് വിപണനത്തിനാവശ്യമായ 6000 കോഴികളേയും 200 ആടുകളേയും പൂർണ്ണമായും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പന്നികൾക്കാവശ്യമായ ഫീഡ് നിർമ്മാണവും വിപണനവും പ്രതിമാസം 300 ടൺ വർദ്ധിപ്പിക്കുക, പന്നിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം 1500-ൽ നിന്ന് 3000 ആക്കി വർദ്ധിപ്പിച്ച് കർഷകർക്ക് നൽകുക എന്നീ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിനു വേണ്ടി കൂടുതൽ പന്നികളെ വളർത്തുന്നുണ്ട്. ആർ.കെ.വി.വൈ പദ്ധതിയിൽപ്പെടുത്തി കർഷകർക്ക് പത്ത് പന്നിക്കുഞ്ഞുങ്ങളെ വീതം കൂട് സഹിതം വിതരണം ചെയ്ത് അവയെ വളർത്തി തിരികെ വാങ്ങുന്ന 20 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. എസ്.ബി.ഐ.-യുമായി സഹകരിച്ച് കർഷകർക്ക് പന്നിക്കുഞ്ഞുങ്ങളെ നൽകുന്ന ഒരു പദ്ധതിയും ആവിഷ്ക്കരിച്ചുവരുന്നു. കോഴിയുടെ ദൗർലഭ്യം പരിഹരിക്കാനായി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ കോഴി വളർത്തലിനായി 85 ലക്ഷം രൂപയുടെ ഒരു പദ്ധതി പരിഗണനയിലാണ്. അതിലൂടെ 1.836 ലക്ഷം മുട്ടക്കോഴികളെ 9180 കർഷകർക്ക് പ്രതിവർഷം വിതരണം ചെയ്യാൻ സാധിക്കും. ഇതുമൂലം മാംസത്തിന്റെ ലഭ്യത ഉറപ്പു വരുത്താൻ സാധിക്കും. ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ വിൽപ്പന യൂണിറ്റ് ആരംഭിച്ചു. എറണാകുളത്ത് പുതിയ ഡിപ്പോയും മൊബൈൽ വിൽപ്പന യൂണിറ്റും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എം.പി.ഐ.-യ്ക്ക് കേരളത്തിലുള്ള ഏജൻസികളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നവീകരണത്തിന്റെ ഭാഗമായി 40 ടൺ ശേഷിയുള്ള ഒരു ഗാഢശീതീകരണിയും മലിനജലസംസ്കരണ പ്ലാന്റും തയ്യാറായിട്ടുണ്ട്.

പുതിയ മെഷിനറികളായ മീറ്റ് സ്ലൈസർ, കാർക്കസ് സ്പ്ളിറ്റർ കട്ടിംഗ് ടേബിളുകൾ, ട്രോളികൾ, പഫ് ഇൻസുലേറ്റഡ് ബോക്സുകൾ എന്നിവ വാങ്ങാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ചിക്കൻ അച്ചാർ, മാട്ടുപ്പെട്ടി പ്രീമിയം ബീഫ്, ധോണി പ്രീമിയം ബഫല്ലോ, ചിക്കൻ കട്ലറ്റ് എന്നീ ഉൽപ്പന്നങ്ങൾ പുതുതായി വിപണിയിൽ ഇറക്കിയിട്ടുണ്ട്. വിദേശ വിപണനം ലക്ഷ്യം വച്ചുകൊണ്ട് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യക്ക് 49 ശതമാനവും പി.എൻ.ആർ.ഫാം ആന്റ് ലൈവ്സ്റ്റോക്ക് എന്റർപ്രൈസസ് എന്ന സ്വകാര്യ ഏജൻസിക്ക് 51 ശതമാനവും വിഹിതമുള്ള ഒരു സംയുക്ത സംരംഭമായി ചാലക്കുടിയിലെ പരിയാരം പഞ്ചായത്തിൽ കാഞ്ഞിരപ്പിള്ളി എന്ന സ്ഥലത്ത് ഒരു ആധുനിക പോത്തിറച്ചി സംസ്കരണ ഫാക്ടറി തുടങ്ങുന്നതിനുള്ള ധാരണാപത്രത്തിന്റെ കരട് സർക്കാർ പരിഗണനയിലാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ പുനരുദ്ധരിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ അംഗീകരിക്കുന്നതോടുകൂടിയും എൻ.ആർ.ഐ. സഹായത്തോടുകൂടി ആരംഭിക്കുന്ന സംരംഭങ്ങൾ മുഖേനയും ഈ സ്ഥാപനത്തെ ലാഭകരമാക്കാൻ കഴിയും. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അറവുമാടുകളെ വെറ്ററിനറി ഡോക്ടർമാർ പരിശോധിച്ച് സർട്ടിഫൈ ചെയ്തശേഷമാണ് കൊടുക്കുന്നത്. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ അതാത് കേന്ദ്രങ്ങളിൽ വച്ചുതന്നെ സംസ്ക്കരിച്ച് മാംസമാക്കുന്നതിനുള്ള പ്ളാന്റുകൾ സ്ഥാപിക്കുന്ന ഒരു പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

19(*155) ഐ.ടി. നയവും ഐ.ടി. പാർക്കുകളും

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പുതിയ ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകളിലും സ്ഥാപനങ്ങളിലും പൊതുവായി ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ ആപ്ളിക്കേഷനുകൾ ഏകീകരിച്ച് എല്ലാ വകുപ്പുകളിലും നടപ്പാക്കി വരുന്നതായി സഭയെ അറിയിച്ചു. ഇതിൽ സർവ്വീസ് ആന്റ് പേ റോൾ അഡ്മിനിസ്ട്രേറ്റീവ് റെപ്പോസിറ്ററി ഫോർ കേരള (SPARK), ഡിജിറ്റൽ വർക്ക് പ്രോസ്സസ് സിസ്റ്റം (MESSAGE), ഫയൽ ട്രാക്കിംഗ് സിസ്റ്റം (IDEAS), അസറ്റ് മാനേജ്മെന്റ് സിസ്റ്റം (AASTHI) എന്നിവ ഉൾപ്പെടുന്നു. ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (FOSS) പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒരു അന്താരാഷ്ട്ര കോൺഫറൻസ് കേരളത്തിൽ സംഘടിപ്പിക്കുകയും സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ വികസനത്തിനും വ്യാപനത്തിനുമായി IC for FOSS എന്ന സ്ഥാപനം രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ തുടങ്ങുകയും സ്വതന്ത്ര സോഫ്റ്റ് വെയറിൽ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിനായി എറണാകുളം കേന്ദ്രീകരിച്ച് CATFOSS പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സർക്കാർ വെബ്സൈറ്റുകൾ മെച്ചപ്പെട്ട സുരക്ഷയ്ക്കും നടത്തിപ്പിനുമായി കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്കിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ നടക്കുന്നുണ്ട്. വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കാൻ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലേയ്ക്കും ബ്രോഡ്ബാൻഡ് കണക്ടിവിറ്റി എത്തിക്കാനുള്ള ശ്രമം

നടന്നുവരുന്നു. മലയാളം കമ്പ്യൂട്ടിംഗ് എന്ന പരിപാടിയുടെ ഭാഗമായി കമ്പ്യൂട്ടർ ഭാഷ മലയാളമാക്കുന്നതിനുള്ള പ്രചരണം തുടരുന്നു. ഇൻസൈറ്റ് പരിപാടിയുടെ ഭാഗമായി കാഴ്ചയില്ലാത്തവർക്കുവേണ്ടി ട്രെയിനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 'എന്റെ ഗ്രാമം' പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിലെ ഹൈസ്ക്കൂളുകളിൽ വെബ് പോർട്ടലുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുപുറമേ കമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റിലെ ഇ-ഫയലിംഗ് കെ.എസ്.ഇ.ബി.-യിലെ 'ഒരുമ' സോഫ്റ്റ് വെയർ, കേരള വാട്ടർ അതോറിറ്റിയിലെ ഓൺലൈൻ ബില്ലിംഗ്, വിദ്യാഭ്യാസ വകുപ്പിലെ ഓൺലൈൻ കൗൺസലിംഗ്, കെ.പി.എസ്.സി.-യിലെ ഓൺ ലൈൻ ആപ്ളിക്കേഷൻ സിസ്റ്റം, ജില്ലാ കളക്ടറേറ്റിലെ ഡി.സി. സ്യൂട്ട്, ലാ സെക്രട്ടേറിയറ്റിലെ ലിംസ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിലെ ഫാസ്റ്റ് ആന്റ് മൂവ് ആപ്ളിക്കേഷൻ, ഐ.ടി. മിഷന്റെ പേപ്പർലെസ് ഓഫീസ് എന്നിവയുൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. റെയിൽവേ ഇ-ടിക്കറ്റിംഗ്, ഇ-ഫയലിംഗ്, അക്ഷയ ഇ-കേന്ദ്രങ്ങൾ വഴി എട്ട് ജില്ലകളിൽ ഇ-പേമെന്റ് എന്നിവ നടപ്പിലാക്കുകയും ഇ ലേണിംഗിന്റെ ഭാഗമായി ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്നതിന് ധാരണാപത്രം ഒപ്പു വയ്ക്കുകയും ചെയ്തു. ഇൻഫോ പാർക്കിന്റെ വികസനത്തിന്റെ ഭാഗമായി പുതിയ ഐ.ടി. മന്ദിരത്തിന്റെ (അതുല്യ) നിർമ്മാണം ആരംഭിച്ചു. രണ്ടാംഘട്ട ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ അവസാനഘട്ടത്തിലാണ്. അമ്പലപ്പുഴ ഇൻഫോപാർക്കിന് 15-2-09-ലും ചേർത്തലയിൽ ഇൻഫോ

പാർക്കിന് 22-2-09-ലും ശിലാസ്ഥാപനം നിർവ്വഹിച്ചു. തൃശൂർ ജില്ലയിൽ കൊരട്ടിയിൽ ഇൻഫോപാർക്ക് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കി വരുന്നു. ഐ.ടി.ക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്,കണ്ണൂർ, കാസർകോട് ജില്ലകളിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ ഐ.ടി. നയത്തിന്റെ ഫലമായി ഐ.ടി. മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവ സ്ഥിതിചെയ്യുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും സർക്കാർ മുൻകയ്യെടുത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ കോഴിക്കോട് ആസ്ഥാനമായി സൈബർ പാർക്ക്, കോഴിക്കോട് എന്ന പേരിൽ ഒരു സൊസൈറ്റിയും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ടെക്നോപാർക്ക് എന്ന പേരിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും അമ്പലപ്പുഴയിലും തൃശൂർ ജില്ലയിലും ഇൻഫോപാർക്ക് എന്ന പേരിലും കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ സൈബർ പാർക്ക് എന്ന പേരിലുമാണ് ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നത്. പാലക്കാട് ജില്ലയിലെ ഇൻഡ്യൻ ടെലിഫോൺ ഇൻഡസ്ട്രീസ് വക സ്ഥലത്ത് പ്രസ്തുത കമ്പനിയുമായി ചേർന്ന് ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു. കൊല്ലം ടെക്നോപാർക്കിന്റെ പൂർണ്ണരീതിയിലുള്ള പ്രവർത്തനമാരംഭിച്ചാൽ

500 കോടി രൂപ നിക്ഷേപവും ഏകദേശം 8,000 പേർക്ക് നേരിട്ട് ജോലിയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1380 മുതൽ 1555 വരെയുള്ള ചോദ്യങ്ങളിൽ 120 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)